പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86 — 25.04.2017 ൽ മറുപടിക്ക്

## സർക്കാർ വകുപ്പുകളുടെ വെബ് സൈറ്റുകളിൽ പാക്കിസ്ഥാൻ സംഘത്തിന്റെ നുഴഞ്ഞുകയറ്റം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി.എ. അഹമ്മദ് കബീർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വെബ് സൈറ്റുകളിൽ പാക്കിസ്ഥാൻ സംഘത്തിന്റെ നുഴഞ്ഞുകയറ്റം ഉണ്ടായെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഐ.ടി. വകുപ്പുകളെ സജ്ജമാക്കുമോ; | (ബി) ഇത്തരത്തിലുള്ള നുഴഞ്ഞു കയറ്റങ്ങൾ തടയാൻ ഐ.ടി വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) നിലവിൽ ഇത്തരം നുഴഞ്ഞുകയറ്റങ്ങൾ കണ്ടെത്താൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചിരിക്കുന്നത്; | (സി) & (ഡി) കേരള സർക്കാരിന്റെ സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ കീഴിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരള (സെർട്ട് - കെ) എന്ന സൈബർ സുരക്ഷാ വിഭാഗത്തെ ആണ് നിയോഗിച്ചിരിക്കുന്നത്. സെർട്ട്-കെ യിൽ സൈബർ സുരക്ഷാ മേഖലയിൽ പ്രാവീണ്യവും പ്രവൃത്തിപരിചയവുമുള്ള സെക്യൂരിറ്റി എൻജിനീയർമാരുടെ വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇവർക്ക് കാലികമായ പരിശീലന ക്ലാസ്സുകളും നൽകി വരുന്നുണ്ട്. |
| (ഡി) ഇത്തരം മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ